"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ശ്രീമതി.ഷമിത, പി.എ., എച്ച്.എസ്.എ (ഉറുദു) എസ്.ബി.എച്ച്.എസ് കുറുമ്പിലാവ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 24512/2021 മേലുള്ള 09/11/2021 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5398/2022/GEDN തീയതി,തിരുവനന്തപുരം, 14-09-2022

---

പരാമർശം:-

1. ശ്രീമതി.ഷമിത. പി.എ. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 24512/2021 മേലുള്ള 09/11/2021 ലെ വിധിന്യായം
2. തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/01/2022 ലെ ബി3/6974/2021-ാം നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/01/2022 ലെ EC4/13701/2021/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി. ഷമിത. പി.എ., എച്ച്.എസ്.എ (ഉറുദു) എസ്.ബി.എച്ച്.എസ് കുറുമ്പിലാവ് തന്റെ ജൂനിയർ ഉറുദു തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 24512/2021 മേലുള്ള 09/11/2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി, 5-ാം എതിർകക്ഷി എന്നിവരെ നേരിൽ കേട്ടതിനുശേഷം Ext.P7 നിവേദനം 3 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം ഹർജിക്കാരിയുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 01/02/22 തീയതിയിൽ വീഡിയോ കോൺഫറൻസ് (Google Meet) മുഖേന നേരിൽ കേട്ടു.

2. എച്ച്.എസ്.എ തസ്തികയിലെ നിയമനത്തിന് മുൻപ് 25/09/2006 മുതൽ ജൂനിയർ ഉറുദു തസ്തികയിൽ നിയമനം ലഭിച്ചെങ്കിലും 01/06/2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, തന്റെ ജൂനിയർ ഉറുദു തസ്തികയിലെ നിയമനം വ്യവസ്ഥാപിത ഒഴിവിലായിരുന്നു എന്ന കാര്യം പരിഗണിച്ച് 25/09/2006 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ ജൂനിയർ ഉറുദു തസ്തികയിലെ നിയമനത്തിന് അംഗീകാരം

നൽകണമെന്നതാണ് Ext. P7 ഹർജിയിലെ ആവശ്യം.

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. ടി സ്കൂളിലെ ജൂനിയർ ഉറുദു അദ്ധ്യാപകനായ ശ്രീ.അബ്ദുൾ ലത്തീഫിന് യു.പി.എസ്.ടി ആയി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിലേക്ക് 25/9/2006 മുതൽ ജൂനിയർ ഉറുദു അദ്ധ്യാപികയായി ഹർജിക്കാരിയെ മാനേജർ നിയമിച്ചു. എന്നാൽ പ്രമോട്ടിയുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഹർജിക്കാരിയെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം അംഗീകരിച്ചില്ല. പിന്നീട് അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്.

5. 23/1/2012 മുതൽ പ്രമോട്ടിയുടെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ തന്റെ ജൂനിയർ ഉറുദു തസ്തികയിലെ നിയമനവും നിയമനത്തീയതി മുതൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

6. പ്രമോട്ടിയുടെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ഹർജിക്കാരിയെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. ആയതിനാൽ ടിയാരിയുടെ നിയമനം പരിഗണനാർഹമാണെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഹർജിക്കാരിയുടെ 01/06/2011 മുതലുള്ള നിയമനം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയാണ് അംഗീകരിച്ചിട്ടുള്ളത്. അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരുടെ മുൻകാല സർവ്വീസ് അംഗീകരിക്കുന്നതിന് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. 2006 മുതൽ 2011 വരെ കാലയളവിലെ അധിക തസ്തികയിലെ നിയമനങ്ങൾ 10/10 ഉത്തരവ് പ്രകാരമുള്ള ബോണ്ട് സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വിവിധ കേസുകളിലെ വിധിന്യായത്തിൽ, മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി (deeming provision) പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അധ്യാപകരുടെ മുൻകാല സർവ്വീസ് (01/06/2011 ന് മുൻപുള്ളത്) അംഗീകരിക്കുവാൻ കോടതി നിർദ്ദേശിച്ചിട്ടുള്ള കേസുകളിൽ അപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 25/09/2006 മുതൽ ഹർജിക്കാരിയെ നിയമിച്ചത് സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിലേക്കാണ്, അധിക തസ്തികയിലല്ല, മറിച്ച് റഗുലർ തസ്തികയിലാണ്. പ്രമോട്ടിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാലാണ്, ഒഴിവ്

വ്യവസ്ഥാപിതമാകാത്തതിനാൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം നിരസിച്ചിട്ടുള്ളതും പിന്നീട് 1/6/2011 മുതൽ പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളത്. പ്രമോട്ടിയുടെ സ്ഥാനക്കയറ്റനിയമനം അംഗീകരിച്ചിട്ടുള്ളത് 23/01/2012 ലാണ്. തന്മൂലം 25/9/2006 മുതൽ ഹർജിക്കാരിയെ നിയമിച്ച ജൂനിയർ ഉറുദു തസ്തികയിലെ ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. റഗുലർ തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 10/10 വ്യവസ്ഥ ചെയ്യുന്ന ബോണ്ട് മാനേജർ സമർപ്പിക്കേണ്ടതില്ല. പ്രസ്തുത സാഹചര്യത്തിൽ, 01/06/2011 മുതൽ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി ജൂനിയർ ഉറുദു തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച ഹർജിക്കാരിയുടെ 25/09/2006 മുതൽ 31/05/2011 വരെയുള്ള മുൻകാല സർവ്വീസ്, നിയമനം വ്യവസ്ഥാപിത ഒഴിവിലായിരുന്നു.

7. മേൽ സാഹചര്യത്തിൽ, എസ്.ബി.എച്ച്.എസ് കുറുമ്പിലാവ് പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽ പെടുന്നതല്ലെന്നും മതിയായ കുട്ടികളില്ലാത്ത വിദ്യാലയമല്ലെന്നും ഉറപ്പുവരുത്തിയശേഷം ഹർജിക്കാരിയുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനത്തീയതി (25.09.2006) മുതൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം വിദ്യാഭ്യാസ ഓഫീസർക്കു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ഇപ്രകാരം റിട്ട് ഹർജി നം 24512/2021 മേലുള്ള പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ- 680 001

ജില്ലാവിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ- 680001

ശ്രീമതി.ഷമിത.പി.എ, എച്ച്.എസ്.എ(ഉറുദു), എസ്.ബി.എച്ച്.എസ്, കുറുംപിലാവ്, തൃശ്ശൂർ- 680 564

മാനേജർ, എസ്.ബി.എച്ച്.എസ്, കുറുംപിലാവ്, തൃശ്ശൂർ- 680 564

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 16-09-2022 14:14:13**
സെക്ഷൻ ഓഫീസർ